പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T 1173 12/06/2014 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

**കടകംപള്ളി ഭൂമി തട്ടിപ്പു കേസ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ശ്രീ. അടൂർ പ്രകാശ്. (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കടകംപള്ളി ഭൂമി തട്ടിപ്പുകേസിൽ എത്ര പേരെയാണ് സി.ബി.ഐ. പ്രതി ചേർത്തിട്ടുള്ളത്; | (എ) കടകംപള്ളി ഭൂമിതട്ടിപ്പുമായി ബന്ധപ്പെട്ട് സി.ബി.ഐ. രജിസ്റ്റർ ചെയ്തിട്ടുള്ള RC 4E/2014 നമ്പർ കേസിൽ 27 പേരെയാണ് പ്രതി ചേർത്തിട്ടുള്ളത്. |
| (ബി) മുഖ്യമന്ത്രിയുടെ ഗൺമാനായിരുന്ന ശ്രീ. സലിംരാജ് ഉൾപ്പെടെ മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ ആരെങ്കിലും പ്രതിപട്ടികയിലുണ്ടോ; | (ബി) ശ്രീ. സലിംരാജ് പ്രതിപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) എത്ര ഏക്കർ ഭൂമിയാണ് ഇവർ തട്ടിയെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) 44.5 ഏക്കർ ഭൂമിയാണ് തർക്ക വിഷയമായിട്ടുള്ളത്. |
| (ഡി) ഈ ഭൂമിതട്ടിപ്പിനു കൂട്ടുനിന്ന സർക്കാരുദ്യോഗസ്ഥരുടെ പേരിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആരുടെയൊക്കെ പേരിലാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) കടകംപള്ളി വില്ലേജിലെ വിവാദമായ സർവ്വേ നമ്പരുകളിൽപ്പെട്ട ഭൂമിയുടെ പോക്കുവരവ് നടപടികളുമായി ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ഡെപ്യൂട്ടി തഹസീൽദാർ ശ്രീ. വിദ്യോദയകുമാർ, സ്പെഷ്യൽ വില്ലേജ് ഓഫീസർ ശ്രീ. അബ്ദുൾ ഗഫാർ, സ്പെഷ്യൽ വില്ലേജ് ഓഫീസർ ശ്രീ. എസ്.ഷാജി, വില്ലേജ്മാൻ ശ്രീ. അജികുമാർ എന്നിവരെ പ്രാഥമിക അന്വേഷണാനന്തരം ജില്ലാ കളക്ടർ സസ്പെന്റ് ചെയ്യുകയും തുടർന്ന് കെ.സി.എസ് ആന്റ് സി.സി.എ. റൂൾ പ്രകാരം കഠിന ശിക്ഷ വ്യവസ്ഥ ചെയ്തു കുറ്റപത്രം നൽകുകയും അച്ചടക്ക നടപടികൾ സ്വീകരിക്കുകയും, വേതന വർദ്ധനവുകൾ തടഞ്ഞുകൊണ്ട് അച്ചടക്ക നടപടികൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് ദക്ഷിണ മേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറും, റവന്യൂ സെക്രട്ടറിയും നടത്തിയ അന്വേഷണങ്ങളിൽ അനധികൃതമായി പോക്കുവരവ് ചെയ്ത് നൽകുക വഴി കുറ്റക്കാരനെന്ന് കണ്ടെത്തിയ മുൻ കടകംപള്ളി വില്ലേജാഫീസറായ ശ്രീ. ടി. എൻ. സുബ്രഹ്മണ്യൻ പിള്ളയെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും തുടർന്ന് ടിയാനെതിരെ കെ.സി.എസ് ആന്റ് സി.സി.എ. റൂൾ പ്രകാരം കഠിന ശിക്ഷ വ്യവസ്ഥകൾക്കുള്ള അച്ചടക്ക നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ